(ബി) ഉണ്ട്. ഡിവിഷൻ തലത്തിൽ 8-ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളും 22 ഫ്ളയിംഗ് സ്കാഡ് റേഞ്ചുകളും ആയുധം, വാഹനം, വയർലസ്സ് സംവിധാനത്തോടു കൂടി പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനത്തിന്റെ മേൽനോട്ടത്തിനായി കോഴിക്കോട്ടും കോട്ടയവും കേന്ദ്രീകരിച്ച് വനം സർക്കിൾ കൺസർവേറ്റർമാരും വനംവകുപ്പ് ആസ്ഥാനത്ത് ഒരു വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്.

50 (2610) എ.സി.എഫ് തസ്തികയിലേക്കുള്ള നിയമനം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫോറസ്റ്റ് വകുപ്പ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് വനംവകുപ്പിൽ എ.സി.എഫ്. തസ്തികയിലേക്കും റേഞ്ചർ തസ്തികയിലേക്കും ഉള്ള നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) 1976 മേയ് ഒന്നിനും 1984 ജനുവരി ഒന്നിനുമിടയിൽ പി.എസ്.സി. പരിക്ഷയിലൂടെ നേരിട്ട് എ.സി.എഫ് മാരായി നിയമിക്കപ്പെട്ട 17 പേർക്ക് പ്രൊമോഷൻ നൽകാൻ കോടതിവിധിയുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പ്രൊമോഷൻ നൽകാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഡെപ്യൂട്ടി കൺസർവേറ്റർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് 50% ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴിയും 50% ഒഴിവുകൾ റെയ്ഞ്ചർമാരിൽനിന്നുള്ള പ്രൊമോഷൻ വഴിയുമാണ് നികത്തുന്നത്. നേരിട്ട് നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളെ പി.എസ്.സി. മുഖേനയാണ് തെരഞ്ഞെടുക്കുന്നത്. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന റെയ്ഞ്ചർമാർക്കാണ് ഉദ്യോഗക്കയറ്റം നൽകുന്നത്. നേരിട്ടുള്ള നിയമനത്തിന് ഇപ്പോൾ നിലവിലുള്ള യോഗ്യത സയൻസ് വിഷയത്തിലുള്ള ബിരുദമാണ്. പി.എസ്.സി. തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് കോളേജിൽ ഡിപ്ലോമ കോഴ്സിന് നിയോഗിക്കുന്നു. കോഴ്സ് പൂർത്തിയായി വരുന്നവരെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയി നിയമിക്കുന്നു.

എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള അക്കൗണ്ട് ടെസ്റ്റും ഫോറസ്റ്റ് ടെസ്റ്റും പാസാകുന്ന റെയ്ഞ്ചർമാരെ സിനിയോറിറ്റി അനുസരിച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയി ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നു. ഫോറസ്റ്റ് റെയ്ഞ്ചർ തസ്തികയിലേയ്ക്ക് 4 നിയമനരീതികൾ നിലവിലുണ്ട്. ആകെ തസ്തികയുടെ 25 ശതമാനം വീതം ഓരോ നിയമനരീതിക്കും സംവരണം ചെയ്തിട്ടുണ്ട്.

(1) നേരിട്ടുള്ള നിയമനം

LIBRARY ARCHIVES Kerala Legislative Assembly

ബി.എസ്.സി. (ഫോറസ്ട്രി) ബിരുദമോ തത്തുല്യയോഗ്യതയോ ഉള്ള വരെ പി.എസ്.സി.വഴി തെരഞ്ഞെടുത്ത് ഒരു വർഷത്തെ പ്രായോഗിക പരിശീലനം കഴിഞ്ഞ് നിയമിക്കുന്നു.

(2) ഫോറസ്റ്റ് അപ്രന്റീസ്

ഏതെങ്കിലും സയൻസ് വിഷയത്തിന് ബിരുദം ഉള്ളവരെ രണ്ട് വർഷത്തെ റേഞ്ചർ കോഴ്സിലേയ്ക്ക് പി.എസ്.സി. വഴി തെരഞ്ഞെടുക്കുന്നു. റേഞ്ചർ ട്രെയിനിംഗ് പൂർത്തിയാക്കി വരുന്നവരെ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിനുശേഷം റേഞ്ചറായി നിയമിക്കുന്നു.

(3) ഡെപ്യൂട്ടി റേഞ്ചർ/ഫോറസ്റ്റർമാരിൽ നിന്നുള്ള നിയമനം

ഫോറസ്റ്റർ/ഡെപ്യൂട്ടി റേഞ്ചർമാരിൽനിന്നും രണ്ടു വർഷത്തെ റേഞ്ചർ കോഴ്സിലേയ്ക്ക് പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. റേഞ്ചർ കോഴ്സ് പൂർത്തിയാക്കി വരുന്നവരെ റേഞ്ചർമാരായി നിയമിക്കുന്നു.

(4) ഡെപ്യൂട്ടി റേഞ്ചർമാരിൽ നിന്നും ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനം

ഡെപ്യൂട്ടി റേഞ്ചർമാരെ സർവ്വീസ് സീനിയോറിറ്റി അനുസരിച്ച് റേഞ്ചറായി നിയമിക്കുന്നു.

(ബി) അർഹതപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് നിയമാനുസൃതം ഉദ്യോഗകയറ്റം നൽകാൻ ശ്രീ. പി. മുരളീധരൻ നായർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഫയൽ ചെയ്ത 421/98-ാം നമ്പർ റിവ്യൂ പെറ്റീഷനിൽ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് പ്രൊമോഷൻ നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഇപ്പോൾ ഡെപ്യൂട്ടി കൺസർവേറ്റർമാരുടെ 14 ഒഴിവുകൾ നിലവിലുണ്ട്.

51 (2611) കോന്നിയിൽ കൊക്കാത്തോട് ഫോറസ്റ്റ് റോഡ്

ശ്രീ. അടൂർ പ്രകാശ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നിയിൽ നിന്നും കുമ്മണ്ണൂർ വഴി കൊക്കാത്തോട് പോകുന്ന ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കാനായി 1999-2000 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തു തുക; തുക വകയിരുത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഈ റോഡ് പൂർണ്ണമായി വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുവാൻ കേന്ദ്രവനം മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണോ;

(സി) ആണെങ്കിൽ അനുമതിക്കായി കേന്ദ്രഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കാനും പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly